നടത്തുന്നുണ്ടോ? നാലും ആറും കൗണ്ടറുകളൊക്കെയാണ് ആരംഭിക്കുന്നത്. ഞാൻ അതിന്റെ ലിസ്റ്റ് തരാം. കള്ളുഷാപ്പുകളെ മാത്രം ഇങ്ങനെ ഉപദ്രവിക്കുന്നതിനുപിന്നിൽ ഒരു അജണ്ടയുണ്ട് എന്ന് പറയുന്നതിൽ എന്താണ് തെറ്റ്? ഈവ്യവസായരംഗം ഇങ്ങനെ പല പ്രതിസന്ധികളെ നേരിടുന്നതുകൊണ്ട് ഈ മേഖലയിലെ തൊഴിലാളികൾ പട്ടിണിയിലാണ്. ഇവിടെ എല്ലാ മേഖലയിലെയും തൊഴിലാളികൾക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നുണ്ട്. വളരെ കുറച്ച് കുടുംബങ്ങൾ മാത്രമുള്ള ഈ ചെത്ത് തൊഴിലാളികളെകൂടി അതിൽ ഉൾപ്പെടുത്താൻ തയ്യാറാകണം.

ശ്രീ. പി. കെ. ഗുരുദാസൻ : കൊല്ലത്ത് സ്പിരിറ്റ് പിടിച്ച ഒരു ഷാപ്പ് ഒഴിച്ച് ഒരു കള്ളുഷാപ്പും ഗവൺമെന്റ് അടച്ചിടാൻ സമ്മതിച്ചിട്ടില്ല. തൊഴിലാളികൾക്കെതിരെ ഒരു കേസും എടുത്തിട്ടില്ല. അതേസമയം ഈ ഷാപ്പുകളിലെ മായം ചേർക്കൽ നടപടിക്കെതിരെ തൊഴിലാളി സംഘടനകൾ ഉറച്ച നിലപാട് സ്വീകരിച്ചാൽ ഈ കള്ളുഷാപ്പുടമകളെ നമുക്ക് നിലയ്ക്ക് നിറുത്താൻ കഴിയും. അതിന്റെ അടിസ്ഥാനത്തിൽ ഈ കള്ളുചെത്ത് വ്യവസായം നല്ലതുപോലെ സംരക്ഷിക്കാൻ ആവശ്യമായിട്ടുള്ള എന്തെല്ലാം പരിഷ്ക്കാരങ്ങൾ ചെയ്യണമെങ്കിലും ചെയ്യാൻ ഗവൺമെന്റ് സദാ സന്നദ്ധമാണ്. ആ കാര്യത്തിൽ തൊഴിലാളി സംഘടനകളുടെ നിർദ്ദേശം സ്വീകരിക്കാൻ സന്നദ്ധമാണ്. ആ നിലയ്ക്ക് മറ്റ് നടപടികളുമായി നമുക്ക് മുന്നോട്ടുപോകാം. നമുക്ക് ആ കാര്യത്തിൽ സഹകരിച്ച് പോകുന്ന ഒരു സമീപനമാണ് കൈക്കൊള്ളേണ്ടതായിട്ടുള്ളത്. ചെത്തു തൊഴിലാളികൾക്ക് രണ്ടു രൂപയ്ക്ക് അരി നൽകുന്ന കാര്യം പരിഗണിക്കാം.

(2) വിദ്യാഭ്യാസ അവകാശ നിയമം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം ഭരണഘടനയുടെ 21-ാം ഭേദഗതിയിലൂടെ വിദ്യാഭ്യാസത്തെ പൗരന്റെ അലംഘനീയമായ മൗലീക അവകാശമായി മാറ്റിയിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഏഴാമത് വിദ്യാഭ്യാസ സർവ്വേ അനുസരിച്ച് ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള പത്തൊമ്പത് കോടി കുട്ടികളാണ് ഈ രാജ്യത്തുള്ളത്. ഇതിൽ ഒരു കോടിയിൽപ്പരം പേർ ഇനിയും വിദ്യാലയത്തിന്റെ പടിവാതിലിൽ എത്താത്തവരും. എത്തുന്നവരിൽ 50% കുട്ടികൾ എട്ടാം ക്ലാസിൽ ആകുന്നതിനുമുമ്പ് കൊഴിഞ്ഞുപോകുന്നവരുമാണ്. 2008-09 കാലത്ത് ഉത്തരേന്ത്യയിൽ ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകളിൽ 134.4 ദശലക്ഷം കുട്ടികൾ ഉണ്ടായിരുന്നു. ആറ് മുതൽ എട്ട് വരെ ക്ലാസുകളിൽ എത്തിയപ്പോൾ അത് 53.4 ദശലക്ഷമായി ചുരുങ്ങിയിരിക്കുന്നു. ഇതിൽ മഹാഭൂരിപക്ഷവും പെൺകുട്ടികളാണ്. കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതൽ ബാധിക്കുന്നത് പെൺകുട്ടികൾക്കിടയിലാണ്. പാഠപുസ്തകങ്ങളും യൂണിഫോമുകളും സൗജന്യമായി നൽകിയും ആവശ്യമായ അടിസ്ഥാന സൗകര്യവും

LIBRARY ARCHIVES Kerala Legislative Assembly

കളിക്കളവും ഒരുക്കി സ്കൂളുകളെ കൂടുതൽ ആകർഷകമാക്കിയും കുട്ടികളുടെ കുറവുകൊണ്ട് സ്കൂൾ അടച്ചുപൂട്ടുന്നത് ഒഴിവാക്കിയും പത്ത് കുട്ടികളാണെങ്കിൽപ്പോലും മൾട്ടിഗ്രേഡ് ലേണിംഗ് സിസ്റ്റം ഉപയോഗപ്പെടുത്തി പഠിപ്പിക്കാൻ അവസരമൊരുക്കുവാൻ ഈ നിയമം വഴിയൊരുക്കുന്നു. അന്ധ- ബധിര-മൂക വിദ്യാർത്ഥികൾക്കുപോലും കൂടുതൽ സൗകര്യം ഏർപ്പെടുത്തണമെന്ന് ഈ നിയമം അനുശാസിക്കുന്നു. പ്രൈമറി ഘട്ടം പൂർത്തീകരിക്കുന്നതുവരെ അയൽപക്കത്തെ വിദ്യാലയത്തിൽ സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കുക, കുട്ടിയുടെ ഹാജർ ഉറപ്പാക്കുന്നതിനും പഠനം പൂർത്തീകരിക്കുന്നതിനും പ്രത്യേക പരിരക്ഷ നൽകുക, ആറ് വയസ് കഴിഞ്ഞിട്ടും സ്കൂൾ പ്രവേശനം നേടിയിട്ടില്ലാത്ത കുട്ടികൾക്ക് പ്രായത്തിന് അനുസരിച്ച് ഉചിതമായ ക്ലാസുകളിൽ പ്രവേശനം ലഭ്യമാക്കുക തുടങ്ങിയവ ഈ നിയമത്തിലുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ആറിനും പതിനാലിനും ഇടയിലുള്ള മുഴുവൻ കുട്ടികളും സ്കൂളിൽ വരുന്നുണ്ടെന്ന് ഉറപ്പുവരുത്താനും കൊഴിഞ്ഞുപോകാതിരിക്കാനും സൂക്ഷ്മനിരീക്ഷണം നടത്തണമെന്നും രജിസ്റ്റർ സൂക്ഷിക്കണമെന്നും ഈ നിയമം അനുശാസിക്കുന്നു. കുട്ടികളെ ശാരീരികമായി ശിക്ഷിക്കുക, മാനസികമായി പീഡിപ്പിക്കുക, തലവരി സമ്പ്രദായം നിറുത്തലാക്കുക, അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ, അംഗീകാരമില്ലാത്ത സ്കൂളുകൾ എന്നിവ നിരോധിക്കുക തുടങ്ങി അനിവാര്യമായ പരിഷ്ക്കാരങ്ങളാണ് ഈ നിയമത്തിലുള്ളത്. ഇത്തരം കുറ്റം ചെയ്യുന്നവർക്ക് ഭീമമായ പിഴ ചുമത്താനും കേന്ദ്ര സർക്കാർ മടി കാണിച്ചിട്ടില്ല. മതിയായ അക്കാഡമിക് യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിനും അവർക്ക് ആവശ്യമുള്ള പരിശീലനം ഉറപ്പാക്കുന്നതിനുമുള്ള നിയമം സമ്പന്നവർഗ്ഗത്തിന് മാത്രം പ്രയോജനപ്പെടുമായിരുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ വാതിലുകൾ മലർക്കെ തുറക്കാൻ അവസരം ഉണ്ടാക്കുകയാണ്. ഇത്തരം സ്കൂളുകളിൽ 25% സീറ്റുകൾ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി സംവരണം ചെയ്യണമെന്നും നിയമം അനുശാസിക്കുന്നു. ഒരു വിദ്യാർത്ഥിക്കുവേണ്ടി സർക്കാർ ചെലവഴിക്കുന്ന ശരാശരി തുകയോ സ്ഥാപനത്തിന്റെ ഫീസോ, ഏതാണ് കുറവ് അത് നൽകിയാൽ മതിയെന്നാണ് പറയുന്നത്. വളരെ നാളുകളായി നാം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ലോവർ പ്രൈമറി തലത്തിൽ 1:30-ഉം അപ്പർ പ്രൈമറി തലത്തിൽ 1:35- ഉം എന്ന നിലയിൽ പരിഷ്ക്കരിക്കണമെന്നും എൽ.പി. വിഭാഗം അഞ്ചാം ക്ലാസ് വരെയും യു.പി. വിഭാഗം എട്ടാം ക്ലാസ് വരെയുമാക്കി ദേശീയതലത്തിൽ ഒരു ഏകഘടനാ സ്വഭാവത്തിലേയ്ക്ക് മാറ്റണമെന്നും ഈ നിയമം പറയുന്നു. അദ്ധ്യാപകരുടെ ജോലി സമയം, അദ്ധ്യയന ദിനങ്ങൾ എന്നിവയെക്കുറിച്ചും വ്യക്തമായ വ്യവസ്ഥകളുണ്ട്. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികളും അദ്ധ്യാപക-രക്ഷാകർതൃ സമിതി പ്രതിനിധികളും അടങ്ങുന്ന 50% വനിതാ സംവരണം അടക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly

മാനേജ്മെന്റ് കമ്മിറ്റിക്ക് അധികാരം ഉണ്ടാകും. അതേസമയം നിയമനം, സ്ഥലംമാറ്റം, ശിക്ഷാ നടപടികൾ എന്നിവ സ്വീകരിക്കാൻ ഇവർക്ക് അധികാരമുണ്ടാകുന്നില്ല. കേന്ദ്ര മാനവശേഷി വകുപ്പുമന്ത്രി ശ്രീ. കപിൽ സിബൽ ഈ ബിൽ അവതരിപ്പിക്കുമ്പോൾ പ്രധാനമന്ത്രി ചെയ്ത ഒരു പ്രസംഗം ശ്രദ്ധേയമാണ്. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലാണ് ഞാൻ പഠിച്ചത്. കിലോമീറ്ററുകൾ കാൽനടയായി യാത്രചെയ്താണ് ഞാൻ സ്കൂളിൽ പോയത്. വിദ്യാഭ്യാസമാണ് എന്നെ ഉയരങ്ങളിലേയ്ക്ക് എത്തിച്ചത്. ഇന്ത്യയിലെ മുഴുവൻ കുട്ടികൾക്കും ഈ വിദ്യാഭ്യാസം ഉറപ്പാക്കണം. ഇപ്പോഴും ഒരുകോടി കുട്ടികൾ സ്കൂളുകളിൽ എത്തുന്നില്ല എന്നത് ഖേദകരമാണ് . കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റെ കണക്ക് അനുസരിച്ച് അഞ്ച് വർഷത്തേയ്ക്ക് നിയമം നടപ്പാക്കാൻ 1.78 ലക്ഷം കോടി രൂപ വേണം. ഇതിൽ 50,000 കോടി രൂപ എസ്.എസ്.എ. പദ്ധതി വഴി ലഭ്യമാക്കുമെന്ന് പറയുന്നു. പതിമൂന്നാം പദ്ധതിയിൽ എസ്.എസ്.എ. പദ്ധതി വഴി പ്രതീക്ഷിക്കുന്നത് 60,000 കോടി രൂപയാണ്. ഇതിന്റെ 50% സംസ്ഥാന സർക്കാർ നൽകണം. ബാക്കി വരുന്ന 68,000 കോടി രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ബാദ്ധ്യതയാകും. അത് സംയുക്ത ബാദ്ധ്യതയാകുമെന്നും ആ ഫണ്ട് എങ്ങനെയാണ് ഉപയോഗപ്പെടുത്തേണ്ടതെന്നതും വളരെ വ്യക്തമായ രീതിയിൽ ഈ നിയമത്തിൽ പറയുന്നുണ്ട്. സംസ്ഥാന സർക്കാരുകളുമായി ചർച്ചചെയ്തു മാത്രമേ സംസ്ഥാന സർക്കാരുകളുടെ വിഹിതം കണ്ടെത്തേണ്ടതിനെക്കുറിച്ച് തീരുമാനമെടുക്കുകയുള്ളു എന്ന് നിയമത്തിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. സ്കൂൾ പ്രവേശന പ്രായം ആറ് വയസ്സാകുമ്പോൾ ഉണ്ടാകുന്ന സാമൂഹ്യപ്രശ്നം, ആദ്യത്തെ ഒരു വർഷം ഒന്നാം ക്ലാസിൽ ഇതുമൂലം ഉണ്ടായേക്കാവുന്ന വിദ്യാർത്ഥികളുടെ കമ്മി, ലോവർപ്രൈമറി അഞ്ച് വരെയും അപ്പർ പ്രൈമറി എട്ടുവരെയും ആക്കുമ്പോൾ ഘടനാ മാറ്റം നടക്കുമ്പോഴുണ്ടാകുന്ന പ്രതിസന്ധികൾ, ഒരു ഡിവിഷനിൽ ഒരു അദ്ധ്യാപകൻ എന്നതിൽ നിന്നും മാറി അറുപത് പേർക്ക് രണ്ട് അദ്ധ്യാപകൻ എന്ന നില ക്രമീകരിക്കേണ്ടത്, പ്രീ-പ്രൈമറിയുടെ അനിവാര്യത എന്നിങ്ങനെ ഒട്ടേറെ അക്കാഡമിക് വിഷയങ്ങളും ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിനും അതോടൊപ്പംതന്നെ അറബി, ഉറുദു, സംസ്കൃതം തുടങ്ങിയ ഭാഷകൾ പഠിപ്പിക്കുന്ന ഭാഷാ അദ്ധ്യാപകരുടെ അവസരം നിലനിറുത്തുന്നത് അടക്കമുള്ള വിഷയങ്ങൾ ഗൗരവപൂർവ്വം കാണേണ്ടതാണ്. ഉച്ചക്കഞ്ഞിക്കുവേണ്ടി കാത്തിരിക്കുന്ന ഷെഡുകൾ എന്ന വിശേഷണത്തിൽ നിന്ന് രാജ്യത്തെ സ്കൂളുകളെ മോചിപ്പിക്കണം. കുരുന്നുകൾക്ക് വിജ്ഞാനത്തിന്റെ വെളിച്ചമേകാൻ ലക്ഷ്യമാക്കുന്ന നിയമമാണിത്. വിദ്യാഭ്യാസ രംഗത്ത് വൻ തോതിൽ നിക്ഷേപിക്കുകയും പൊതുവിദ്യാഭ്യാസ മേഖല കാര്യക്ഷമമാക്കുന്നതിന് എല്ലാ കാലത്തും ശ്രമിക്കുകയും ചെയ്ത കേരളത്തിൽ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ബഹുമാനപ്പെട്ട അംഗം അബ്ദുറഹിമാൻ രണ്ടത്താണി കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തെ സംബന്ധിച്ച് സവിസ്തരമായ ഒരു റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിച്ചത്. മിക്കവാറും കാര്യങ്ങൾ അദ്ദേഹം പറഞ്ഞു കഴിഞ്ഞു. 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം, കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമല്ലെങ്കിലും ദേശീയതലത്തിൽ ഒരു വലിയ ചുവടുവയ്പാണ്. അതു സംബന്ധിച്ചുള്ള കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ..... (തടസം)... ...വാക്കുകൾ ശ്രദ്ധിച്ചുകേൾക്കണം. പ്രസക്തമാണ്, ഏറെ പ്രസക്തമല്ല. ശ്രീ. കെ. സി. ജോസഫിന്റെ കുഴപ്പം എല്ലാ വാക്കും അദ്ദേഹം കേൾക്കുകയില്ല. ഏതെങ്കിലും ഒരു വാക്കിൽ കയറിപ്പിടിക്കുക. പ്രസക്തമാണ്, പക്ഷെ ഏറെ പ്രസക്തമല്ല എന്നാൽ ദേശീയതലത്തിൽ വലിയൊരു ചുവടുവയ്പാണെന്ന് ഞാൻ പറഞ്ഞു. അംഗീകാരം തന്നിരിക്കുകയാണ്. ഇത് സംസ്ഥാനത്ത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഇതിനകം തന്നെ സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2009 നവംബർ മാസം തന്നെ പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചു, റിപ്പോർട്ട് സമർപ്പിച്ചു, പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. നാമെല്ലാവരും ശ്രദ്ധിക്കേണ്ട ചില പ്രധാനപ്പെട്ട കാര്യങ്ങളാണ് ഇവിടെ പറയുന്നത്. ഇത് നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ കുറെയുണ്ട്. അത് കേന്ദ്രത്തിന്റെയും പ്രധാനമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തി. സർക്കാർ മാത്രമല്ല, സർവ്വകക്ഷിസംഘം ശ്രദ്ധയിൽപ്പെടുത്തി. അതിൽ പറയുന്നത് (1) കേരളത്തിൽ സ്കൂൾ പ്രവേശന പ്രായം 5 വയസ്സാണ്. എന്നാൽ ഈ നിയമത്തിൽ പറയുന്നത് 6 വയസ്സാണ്. അത് എങ്ങനെ പ്രായോഗികമാകും? ഒരു വലിയ പ്രശ്നമാണ്. സങ്കീർണ്ണമായൊരു പ്രശ്നമാണ്. (2) സ്കൂൾ വിദ്യാഭ്യാസത്തിൽ ഘടനാപരമായ മാറ്റങ്ങൾ അതിൽ വരുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി അഞ്ചാം ക്ലാസ്സ് ലോവർ പ്രൈമറിയിലേയ്ക്ക് പോകുകയാണ്. എട്ടാം ക്ലാസ്സ് എലിമെന്ററിയിലേയ്ക്ക് മാറേണ്ടിവരും. അദ്ധ്യാപക പുനർവിന്യാസമടക്കമുള്ള അതിസങ്കീർണ്ണമായ പ്രശ്നങ്ങൾ ഇതുവഴി ഉണ്ടാകാനിടയുണ്ട്. രണ്ടാമത്തെ പോയിന്റാണ്. (3) ജനന സർട്ടിഫിക്കറ്റ്, കേരളത്തിൽ വളരെ പ്രധാനമാണല്ലോ. ഇത് ഇപ്പോൾ പ്രസക്തമല്ല. ജനന സർട്ടിഫിക്കറ്റ് ഈ നിയമത്തിന്റെ ഭാഗമായി പ്രസക്തമല്ല. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ജനന സർട്ടിഫിക്കറ്റ് സ്കൂൾ പ്രവേശന സമയത്ത് ഹാജരാക്കുന്നത് സാർവ്വത്രികമാണ്. ശരിയായ ജനന തീയതിയില്ലാതെ സ്കൂളിൽ ചേർക്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കാനുള്ള നമ്മുടെ ശ്രമങ്ങൾക്ക് ഈ തീരുമാനം ദോഷകരമാകും. അതാണ് മൂന്നാമത്തെ കാര്യം. (4) ഒരു ക്ലാസ്സ് ഡിവിഷന് ഒരു അദ്ധ്യാപകൻ അതാണ് സംസ്ഥാനത്ത്. ഇതിൽ പറയുന്നത് കുട്ടികളുടെ നമ്പർ നോക്കി അദ്ധ്യാപകരെ വയ്ക്കണമെന്നാണ്. ഒരു ഡിവിഷനിൽ തന്നെ രണ്ട് അദ്ധ്യാപകരും, മൂന്ന് അദ്ധ്യാപകരുമുണ്ട്. 60 കുട്ടികളുണ്ടെങ്കിൽ രണ്ട് അദ്ധ്യാപകർ, 90 കുട്ടികളുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

മുന്ന് അദ്ധ്യാപകർ. കുട്ടികളുടെ എണ്ണം നോക്കാതെ ക്ലാസ്സ് ഡിവിഷനുകളുടെ എണ്ണം നോക്കി അദ്ധ്യാപകരെ കണക്കാക്കുന്ന നമ്മുടെ കെ.ഇ.ആർ. വ്യവസ്ഥയിൽ നിന്ന് ഭിന്നമാണ്. ഈ നിർദ്ദേശം പരിശോധിച്ച് നടപ്പാക്കണം. ഇതിലെ ഗൗരവമുള്ള പ്രശ്നങ്ങളാണ് പറയുന്നത്. (5) അഞ്ചാമത്തെ കാര്യം, ഈ നിയമത്തിലെ വളരെ പ്രധാനപ്പെട്ട ശുപാർശ ദുർബ്ബല വിഭാഗങ്ങൾക്ക് 25 ശതമാനം സീറ്റ് റിസർവ്വേഷൻ അൺഎയ്ഡഡ് വിദ്യാലയങ്ങളിലും അനുവദിക്കും എന്നാണ്. അൺഎയ്ഡഡ് വിദ്യാലയങ്ങളിലും 25 ശതമാനം സംവരണം അനുവദിക്കുമെന്നതാണ് വളരെ പ്രധാനപ്പെട്ട ഒരു വ്യവസ്ഥ. കേരളീയ സമൂഹം ഏതാണ്ട് എല്ലാ കുട്ടികൾക്കും പഠിക്കാൻ ആവശ്യമായ സാമൂഹ്യ നിക്ഷേപം ഇതിനകം തന്നെ നടത്തിയിട്ടുണ്ട്. അതാണ് കേരളത്തിന്റെ പ്രത്യേകത. അതിന്റെ ഭാഗമായി അതിശക്തമായ ഒരു പൊതുവിദ്യാലയ ശൃംഖല സംസ്ഥാനത്തുണ്ട്. അവിടങ്ങളിലെല്ലാം കുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകരേയും നിയമിച്ചിട്ടുണ്ട്. എല്ലാ സംവിധാനങ്ങളുമുണ്ട്. ഈ ഒരവസരത്തിൽ അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ ചേരാൻ അനുവദിക്കുന്നതും അവരുടെ ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതും സർക്കാരിന്റെ വിദ്യാഭ്യാസ ചെലവ് ഇരട്ടിയായി വർദ്ധിപ്പിക്കും. ഇതുമൂല മുണ്ടാക്കുന്ന സാമ്പത്തിക പ്രശ്നവും പരിഗണിക്കപ്പെടേണ്ടതുണ്ട്. തീർന്നില്ല, ഒരു കാര്യം കൂടിയുണ്ട്. (6) പ്രീ-പ്രൈമറി വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി ആക്ടിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ല. അതൊരു വലിയ ന്യൂനതയാണ്. അതുകൂടി ഉൾപ്പെടുത്തേണ്ടതാണ്. ഈ പ്രശ്നങ്ങളെല്ലാം വച്ചുകൊണ്ട് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുംവിധം എങ്ങനെ കേരളത്തിൽ നടപ്പാക്കാമെന്നത് സംബന്ധിച്ച് ഒരു പഠന റിപ്പോർട്ട് തയ്യാറാക്കാൻ ശ്രീമതി ലിഡാ ജേക്കബ്, ഐ.ഐ.എസ്സ്-നെ ഒരു കമ്മീഷനായി സർക്കാർ നിയമിക്കുന്നതാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, പൊതുവിദ്യാഭ്യാസ മേഖല അയൽപക്ക വിദ്യാലയമെന്ന നിലയ്ക്ക് നടപ്പാക്കുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് മധ്യപ്രദേശ് മുഖ്യമന്ത്രി പൃഥിരാജ് ചൗഹാൻ 90 ശതമാനം വിഹിതം വേണമെന്നും ഒറീസ്സാ മുഖ്യമന്ത്രി നവീൻ പട്നായിക്ക് 70 ശതമാനം വിഹിതം വേണമെന്നുമാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചുകഴിഞ്ഞു. ഈ പദ്ധതി നടപ്പാക്കാൻ മറ്റു സംസ്ഥാനങ്ങളൊക്കെ മുന്നോട്ടുപോകുന്ന ഘട്ടത്തിൽ അക്കാദമിക് തലത്തിൽ ചർച്ച ചെയ്തു തീരുമാനിക്കാൻ കഴിയുന്ന ഇത്തരം ചെറിയ വിഷയങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനു പകരം വളരെ കൃത്യമായി കേന്ദ്ര പദ്ധതി എങ്ങനെ നടപ്പാക്കാൻ കഴിയുമെന്നതിനെക്കുറിച്ചുള്ള ത്വരിതഗതിയിലുള്ള പ്രവർത്തനത്തിന് സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. എം. വിജയകുമാർ</u>: സർക്കാരിന്റെ കാഴ്ചപ്പാടും സ്പിരിറ്റും അങ്ങ് പറഞ്ഞതുതന്നെയാണ്. ഇത് പരമാവധി പ്രയോജനപ്പെടുത്താനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly